**റൂളിംഗ്**

ബിൽ സർക്കുലേറ്റ് ചെയ്യുന്നതിലെ കാലതാമസം

മി. സ്പീക്കർ: ഇന്ന് സഭ പരിഗണിക്കുന്ന 2023-ലെ കേരള ഗവണ്മെന്റ് ഭൂമി പതിച്ചു കൊടുക്കൽ (ഭേദഗതി) ബില്ലിന്റെ പകർപ്പും മലയാള പരിഭാഷയും ഇന്ന് രാവിലെ മാത്രമാണ് അംഗങ്ങൾക്ക് ലഭ്യമായതെന്നും ഇതുമൂലം ബില്ലിലെ വ്യവസ്ഥകളെ സംബന്ധിച്ച് പഠിക്കുവാൻ അംഗങ്ങൾക്ക് വേണ്ടത്ര സമയം ലഭിച്ചില്ലായെന്നുമാണ് ബഹുമാനപ്പെട്ട അംഗം ഡോ. മാത്യു കുഴൽനാടൻ തന്റെ തടസ്സവാദത്തിലൂടെ ഇവിടെ ഉന്നയിച്ചത്.

ബില്ലിന്റെ കോപ്പികൾ ചട്ടത്തിൽ പരാമർശിച്ചിരിക്കുന്ന പ്രകാരം മുൻകൂട്ടി അംഗങ്ങൾക്ക് വിതരണം നടത്തുവാൻ കാലതാമസം സംഭവിച്ചതിന്റെ കാരണങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. ഇന്നലെ ചേർന്ന കാര്യോപദേശക സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 9-ാം സമ്മേളന നടപടികളിൽ ചില ക്രമീകരണങ്ങൾ ഏർപ്പെടുത്താനുണ്ടായ സാഹചര്യം നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഇവിടെ പരാമർശ വിധേയമായ ബിൽ യഥാർത്ഥത്തിൽ ആഗസ്റ്റ് 16-ാം തീയതിയാണ് സഭ

പരിഗണിക്കാൻ നിശ്ചയിച്ചിരുന്നത്. പുതിയ ക്രമീകരണത്തിന്റെ അടിസ്ഥാനത്തിലാണ് ബിൽ ഇന്നുതന്നെ സഭ മുമ്പാകെ വരുന്നത്. സ്വാഭാവികമായും ബിൽ തയ്യാറാക്കൽ സംബന്ധിച്ച നടപടിക്രമങ്ങൾ പാലിച്ച് കോപ്പികൾ ലഭ്യമാക്കാൻ സർക്കാർ തലത്തിൽ കുറച്ച് കാലതാമസമുണ്ടായി എന്നത് ഒരു വസ്തുതയാണ്. എന്നാൽ, ഇക്കാര്യത്തിൽ ബോധപൂർവ്വമായ ഒരു കാലതാമസമുണ്ടായിട്ടില്ല എന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ ചട്ടം 69 (5)-ലെ വ്യവസ്ഥയുടെ ലംഘനം ഉണ്ടായിട്ടുണ്ടെങ്കിൽപ്പോലും ചട്ടം 76 (2)-ന്റെ ക്ലിപ്തനിബന്ധനയിൽ പരാമർശിച്ചിട്ടുള്ള വിവേചനാധികാരം വിനിയോഗിച്ചുകൊണ്ട് ചെയർ ബില്ലിന് അവതരണാനുമതി നൽകുകയാണ്.

തടസ്സവാദമുന്നയിച്ചത് ചെയറിന്റെ ഡിസ്ക്രീഷനറി പവർ ഉപയോഗിച്ച് ഓവർ റൂൾ ചെയ്യു.